# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP/P.11/1129/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.11/1129/2023 തീയ്യതി: 07/11/2023

## ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.റോയ് ടി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാകിലിൻ പി.ഡബ്ല്യു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ പി.കെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ജെയിംസ് ചിങ്കുതറ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സതീദേവി രാമൻനായർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജീഷ്മഷാജി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനുരാജ്.കെ.ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.മോനിഷ. എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ശ്രീമതി.ലിനി.ജെ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| ഡോ.അഖില.ബി.നായർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-10-2022 |
| ഡോ.ആശ .എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-11-2022 | 15-02-2023 |
| ഡോ.അഖില.ബി.നായർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 16-02-2023 | 31-03-2023 |
| ഡോ. റെജീന.ടി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 19-06-2022 |
| ഡോ.അശ്വതി.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 20-06-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത.കെ.കെ | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ശ്രീ.സുരേശൻ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷെൽബി ജോസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കടക്കരപ്പള്ളി സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.സവിത. സി.എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തങ്കി സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ.ശിവപ്രസാദ്.എസ്.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.മിനിമോൾ.വി.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 15-02-2023 |
| ചന്ദന ദിനകരൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 16-02-2023 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | മാർക്കറ്റ് ലൈസൻസ് ഫീസ് - വാർഷിക കണക്കിലെ രേഖപ്പെടുത്തൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വാഹനത്തിന് വാർഷിക ഡിപ്രീസിയേഷനായി കൂടുതൽ തുക നൽകിയിരിക്കുന്നു | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | തനതു വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികളും പുരോഗതിയും | 1-10 |
| 17 | ഓഡിറ്റ് ഇംപാക്ട്-സ്ഥാപന നികുതി 1,250/-ഈടാക്കി | 1-11 |
| 18 | ഓഡിറ്റ് ഇംപാക്ട് -കരാർ വ്യവസ്ഥയിൽ നിയമിച്ച ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നത് ഈടാക്കി | 1-12 |
| 19 | ഓഡിറ്റ് ഇംപാക്ട് -MGNREGS - മെറ്റീരിയൽ വിലയിൽ നിന്നും കുറവു ചെയ്യാതിരുന്ന ആദായ നികുതി ഒടുക്കി | 1-13 |
| 20 | ഓഡിറ്റ് ഇംപാക്ട്-മോട്ടർ റണ്ണിംഗ് ഫീസ് 900/- രൂപ ഈടാക്കി | 1-14 |
| 21 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 22 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-16 |
| 23 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ(ജനറൽ) - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-17 |

| | | |
|---|---|---|
| 24 | ബാരൽ വില ഈടാക്കാതിരുന്നത് വഴി നഷ്ടം 42,993/-രൂപ | 1-18 |
| 25 | സൈറ്റിൽ ലഭ്യമായ മണ്ണ് കുറവു ചെയ്യുന്നതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറവു ചെയ്തില്ല- നഷ്ടം 4,640/- | 1-19 |
| 26 | കരാറുകാർ -ഇൻഷുറൻസ് എടുക്കുന്നില്ല. ആയതിന് ഫൈനും ഈടാക്കുന്നില്ല നഷ്ടം - 25,242/- | 1-20 |
| 27 | റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു | 1- 21 |
| 28 | സമഗ്രനെൽകൃഷി വികസനം - വിതരണരേഖകളിൽ അപാകത | 1-22 |
| 29 | ലൈഫ് ഭവനനിർമ്മാണ പദ്ധതി പൂർത്തികരിച്ചില്ല | 1-23 |
| 30 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല, 350000 /- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 31 | സിഡിഎസ് അക്കൌണ്ടിൽ ഭവനനിർമ്മാണത്തിനായി അനുവദിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-25 |
| 32 | ഒറ്റമശ്ശേരി സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ് പദവിയിലേക്ക് ഉയർത്തുക- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 33 | MGNREGS - വാർഡ് 10ൽ കോഴിക്കൂട് നിർമ്മാണം - യഥാർത്ഥത്തിൽ ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു | 1-27 |
| 34 | MGNREGS - വാർഡ് 3ൽ തോടിന്റേയും ചാലിന്റേയും തീരത്ത് കണ്ടൽ വെച്ച് പിടിപ്പിക്കൽ - എം ബുക്കിൽ പ്രവർത്തിയുടെ മൂല്യം തെറ്റായി രേഖപ്പെടുത്തി | 1-28 |
| 35 | MGNREGS - വാർഡ് 1ൽ കോഴിക്കൂട് നിർമ്മാണം (IF/671900)- ചെയ്ത പ്രവർത്തിയുടെ വിവരം എം ബുക്കിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച്- | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബാരൽ വില ഈടാക്കിയില്ല നഷ്ടം - 42,993/- | 3-1 |
| 2 | സൈറ്റിൽ ലഭ്യമായ മണ്ണ് കുറവു ചെയ്യുന്നതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറവു ചെയ്തില്ല നഷ്ടം -4,640/- | 3-2 |
| 3 | കരാറുകാർ -ഇൻഷുറൻസ് എടുക്കുന്നില്ല. ആയതിന് ഫൈൻ ഈടാക്കിയില്ല. നഷ്ടം - 25,242/- | 3-3 |
| 4 | MGNREGS - വാർഡ് 10ൽ കോഴിക്കൂട് നിർമ്മാണം - യഥാർത്ഥത്തിൽ ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു | 3-4 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023-ലെ I(i) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ
00.00.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

### 1-1-5 മാർക്കറ്റ് ലൈസൻസ് ഫീസ് - വാർഷിക കണക്കിലെ രേഖപ്പെടുത്തൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

മാർക്കറ്റ് ലൈസൻസ് ഫീസിനത്തിൽ തൻവർഷം 33,111/-രൂപ വരവുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം ടി ഇനത്തിലെ വരവ് 36,422/- രൂപയാണ്.

### 1-1-6 വാഹനത്തിന് വാർഷിക ഡിപ്രീസിയേഷനായി കൂടുതൽ തുക നൽകിയിരിക്കുന്നു

വാഹനത്തിന്റെ ആസ്തിമൂല്യത്തിന്റെ 10% ആണ് ഓരോ വർഷവും ഡിപ്രീസിയേഷനായി വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ തൻവർഷത്തെ വാർഷിക കണക്കിൽ വാഹന വിലയുടെ 20% തുക ഡിപ്രീസിയേഷനായി ചേർത്തിരിക്കുന്നു.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 22.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 10.02.2023-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 26,52,55,174 | 26,52,55,174 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ പത്രിക) | 18,39,06,114 | 17,00,91,634 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,39,71,205 |
| വരവ് | 5,92,84,000 |
| ആകെ | 7,32,55,205 |
| ചെലവ് | 6,57,07,622 |
| നീക്കിയിരിപ്പ് | 75,47,583 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,87,79,000 | 1,87,79,000 | 1,78,90,670 | 8,88,330 (ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 16,00,000 | 16,00,000 | 15,99,999 | 1 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 57,98,000 | 57,98,000 | 57,38,834 | 59,166 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 0 | 64,03,000 | 64,03,000 | 64,03,000 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ട്രഷറി | 0 | 6,85,025 | 6,85,025 | 6,45,291 | 39,734 (ലാപ്സ്ഡ്) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) ബാങ്ക് | 23,68,252 | 47,60,000 | 71,28,252 | 71,28,252 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ട്രഷറി | 0 | 53,285 | 53,285 | 53,285 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക്) ബാങ്ക് | 11,40,799 | 32,89,859 (പലിശ ഉൾപ്പെടെ) | 44,30,658 | 43,95,576 | 35,082 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 169 | 13,24,27,419 | 148 | 5,87,78,170 | 15 | 6 | 88% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,188 | 15,18,290 | 15,19,478 | 6,99,643 | 8,19,835 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 7,71,63,357 | 7,71,63,357 | 7,71,63,357 | |
| ആകെ | 1,188 | 7,86,81,647 | 7,86,82,835 | 7,78,63,000 | 8,19,835 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77,040 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 20,14,200 | 204 |
| വിധവാപെൻഷൻ | 45,92,600 | 462 |
| വാർദ്ധക്യകാലപെൻഷൻ | 1,50,13600 | 1982 |
| വികലാംഗപെൻഷൻ | 31,54,000 | 312 |
| അവിവാഹിത പെൻഷൻ | 7,89,000 | 72 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.8.2023-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,105/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ചരക്കുകളുടേയും സേവനങ്ങളുടേയും വാങ്ങലുകൾക്ക് വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല. അതിനാൽ അധികച്ചെലവിനിടയാക്കുന്നു.

2. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. R-TRACK -ൽ തൻവർഷത്തെ വിവരം പൂർണ്ണമാണെങ്കിലും ആസ്തി രജിസ്റ്ററിൽ മുൻ വർഷങ്ങളിൽ സൃഷ്ടിക്കപ്പെട്ട വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

5. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയതായിരേഖയില്ല.

6. തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 തനതു വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികളും പുരോഗതിയും

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

ബജറ്റിലെ വരവുകളിൽ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 30,00,000/-രൂപയും ILGMS വസ്തു നികുതി വരവ് 24,41,595--രൂപയും സഞ്ചയ വസ്തുനികുതി വരവ്-24,37,948/-രൂപയുമാണ്. 2022-23 വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തുക, വാർഡുകളിൽ മേഖലകൾ തിരിച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുക, കുടിശ്ശിക വരുത്തിയിട്ടുള്ള വീടുകളിൽ സ്ക്വാഡുകളായി സന്ദർശനം നടത്തുക, സാമൂഹികമാധ്യമങ്ങളിലൂടെ പ്രചാരണം, പള്ളികളിൽ അനൌൺസ്മെന്റ് നടത്തുക, അവധി ദിവസങ്ങൾ ഉൾപ്പെടെ ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങി ഒട്ടേറെ പ്രവർത്തികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. തീരദേശമേഖല ഉൾപ്പെടുന്ന 3 വാർഡുകളിൽ പാർപ്പിടാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ അനധികൃതനിർമ്മാണങ്ങളിൽ ഉൾപ്പെടുന്നതിനാൽ ഇവരിൽ നിന്നും 3 ഇരട്ടി നികുതി ഡിമാന്റ് ചെയ്യുന്നു. സാമ്പത്തികാവസ്ഥ മോശമായതിനാൽ ഡിമാന്റ് പ്രകാരമുള്ള മുഴുവൻ നികുതിയും ഇവർ ഒടുക്കുന്നില്ല. എന്നിരുന്നാലും കുടിശ്ശിക ഡിമാന്റുകളുടെ എണ്ണം 117 കെട്ടിടങ്ങൾ ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. തൻവർഷത്തെ നികുതി 95.36% ലഭിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക 44.84% മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിന്റെ വസ്തു നികുതിയിൽ സ്റ്റേ ഉൾപ്പെടെയുള്ള പിരിവ് 93.8% മാണ്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി 7 ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർദ്ദേശം വന്നിട്ടില്ലാത്തതിനാൽ വിവരശേഖരണം ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾ 17.04.2023ലെ 1(1)നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്യുകയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2023-ലെ 2(1) തീരുമാനപ്രകാരം 18.08.2023-ന് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ പുതുക്കിയ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റബെയ്സിൽ പാർപ്പിടാവശ്യങ്ങൾക്കായി ആകെ 7099 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇതിൽ 3781 കെട്ടിടങ്ങൾ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവയാണ്. എന്നാൽ നിലവിൽ ഇവയിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനം സർവ്വീസ് ചാർജ്ജും ഈടാക്കാമെന്നിരിക്കെ സർവ്വീസ് ചാർജ് ഈടാക്കുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് ഭരണസമിതിക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കറാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ) തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നാഷണൽ ഹൈവേയ്ക്കു സമീപംഉണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് ഹൈവേ വികസനത്തിന്റെ ഭാഗമായി പൊളിച്ചു നീക്കിയതിന്റെ നഷ്ടപരിഹാരമായി ലഭിച്ച 2.5 കോടി രൂപ ഉപയോഗിച്ച് പുതിയ ആസ്തികൾ സൃഷ്ടിക്കണമെന്ന് അഭിപ്രായങ്ങൾ പഞ്ചായത്ത് കമ്മറ്റിയിൽ ഉയർന്നുവന്നിട്ടുണ്ടെങ്കിലും നിലവിൽ ഇത് ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിരിക്കുകയാണ്. ഇതുപയോഗിച്ച് പുതിയ ആസ്തികൾ സൃഷ്ടിക്കുന്നത് വരുംകാലങ്ങളിലേക്ക് പഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് സഹായകരമാണ്.

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പാട്ടത്തിനു നല്കിയ വസ്തുവകകളിൽ നിന്നും 18,366/-രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്. ഇത് നഷ്ടപ്പെടാതിരിക്കുനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 ഓഡിറ്റ് ഇംപാക്ട്-സ്ഥാപന നികുതി 1,250/-ഈടാക്കി

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ധനകാര്യ

സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കാതിരുന്നതിന് ഓഡിറ്റ് എൻക്വയറി നം.(3/18.08.2023) നൽകിയതിനെതുടർന്ന് തങ്കി എസ്.സി.ബി. ലിമിറ്റഡ് നം.1003-ൽ നിന്നും 1,250/-രൂപ 21.08.2023-ലെ 1230100709 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

### 1-12 ഓഡിറ്റ് ഇംപാക്ട് -കരാർ വ്യവസ്ഥയിൽ നിയമിച്ച ഡോക്ടർക്ക് വേതനം നൽകൽ - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നത് ഈടാക്കി

ആദായ നികുതി നിയമം സെക്ഷൻ 194-J അനുസരിച്ച് ഡോക്ടർമാർ, അക്കൗണ്ടന്റുമാർ, എഞ്ചിനീയർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്ടുകൾ മുതലായവർക്ക് അവരുടെ പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്ക് നൽകുന്ന വാർഷിക വേതനം 30,000/- രൂപയിൽ കൂടുതലാണെങ്കിൽ പ്രസ്തുത വേതനത്തിൽ നിന്നും 10% തുക TDS കിഴിവ് ചെയ്യേണ്ടതാണ്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് കടക്കരപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോ.കെ.ജെ. ക്രിസ്റ്റിയന് 03/2022-ലെ വേതനമായ 50,960/- രൂപ തൻവർഷത്തെ കോവിഡ് പ്രതിരോധം എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (ബിൽ നം.03/7.5.2022) നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് ആനുപാതികമായി ആദായ നികുതി ഈടാക്കി ഒടുക്ക് വരുത്തിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി (നം.13/21.8.23) നൽകിയതിനെ തുടർന്ന് 03/2022-ലെ വേതനമായി അനുവദിച്ച 50,960/- രൂപയുടെ 10% തുകയായ 5,096/- രൂപ 23.8.23-ലെ 1230100732 നമ്പർ രസീത് പ്രകാരം ഡോക്ടറിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

### 1-13 ഓഡിറ്റ് ഇംപാക്ട് -MGNREGS - മെറ്റീരിയൽ വിലയിൽ നിന്നും കുറവു ചെയ്യാതിരുന്ന ആദായ നികുതി ഒടുക്കി

2021-22 വർഷം നടപ്പാക്കിയ 5 മെറ്റീരിയൽ വർക്കുകളിൽ സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാർക്ക് തൻവർഷം മെറ്റീരിയൽ തുക അനുവദിച്ച് നൽകിയെങ്കിലും നിയമാനുസൃതം ഉറവിടത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി ഈടാക്കിയിരുന്നില്ല. ആദായ നികുതി കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആദായ നികുതിയിനത്തിൽ കുറവ് വന്ന 11,661/- രൂപ 23.8.2023-ലെ 1230100732 നമ്പർ രസീത് പ്രകാരം ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്.

### 1-14 ഓഡിറ്റ് ഇംപാക്ട്-മോട്ടർ റണ്ണിംഗ് ഫീസ് 900/- രൂപ ഈടാക്കി

യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് പുതുക്കുമ്പോൾ പഞ്ചായത്ത് രാജ് ആക്ട് ചട്ടം 18, 19 പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും സ്ഥാപനങ്ങളുടെ അപേക്ഷയിലും അവയോടോപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർറണ്ണിംഗ് ഫീസീടാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിന് ഈ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 900/- രൂപ വിവിധ രസീത് നമ്പരുകൾ പ്രകാരം ഓഡിറ്റ് കാലയളവിൽ(23.08.2023) ഒടുക്കി.

### 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ, കള്ള് ഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) കടക്കരപ്പള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം

2) തങ്കി നിർമ്മൽ ക്ഷീരോൽപ്പാദക സഹകരണ സംഘം

3) കുഞ്ഞിത്തൈ ക്ഷീരോൽപ്പാദക സഹകരണ സംഘം

4) ആലുങ്കൽ ക്ഷീരോൽപ്പാദക സഹകരണ സംഘം
5) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 7 കള്ള്ഷാപ്പ് ലൈസൻസികൾ, 12 റേഷൻകട ലൈസൻസികൾ എന്നിവ തൻവർഷം തൊഴിൽക്കരം ഒടുക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.
6) സെന്റ് റീത്താസ് എന്ന ഹോസ്പിറ്റലിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.
7)സഞ്ചയ ഡാറ്റാബെയ്സ് പ്രകാരം രണ്ട് റിസോർട്ടുകൾ ഉണ്ടെങ്കിലും(കെട്ടിട നമ്പർ 1/10A,12/25UA) ലൈസൻസ് എടുത്തിട്ടില്ല
8)വ്യവസായ ആവശ്യത്തിനുള്ള കയർപിരി ,കൈത്തറിഷെഡുകൾ എന്ന വിഭാഗത്തിൽ 170 കെട്ടിട നമ്പറുകൾ ഉണ്ടെങ്കിലും ഈ വിഭാഗത്തിൽ ആകെ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ വിഭാഗത്തിൽ മറ്റ് സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഫീൽഡ് പരിശോധനയിലൂടെ ഉറപ്പുവരുത്തേണ്ടതാണ്.
9) വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (1/18.08.2023)നല്കിയതിന് ക്രമ നം. 1 മുതൽ 6 വരെയുള്ളസ്ഥാപനങ്ങളിൽ നിന്നും പിഴയടക്കം 2023-24 വർഷത്തെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ പ്രവർത്തിക്കുന്ന കയർപിരി ഷെഡുകൾ കണ്ടെത്തി പിഴയടക്കം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ഗ്രാമപഞ്ചായത്ത് പരിധിയിലെ വാണിജ്യ, വ്യവസായ, ഓഫീസ്, ഇതര കെട്ടിടങ്ങളുടെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരമുള്ള വിവരം ക്രോഡീകരിച്ച് അവയുടെ ഉപയോഗക്രമമനുസരിച്ചുള്ള പ്രവർത്തനമുണ്ടോ എന്നത് സംബന്ധിച്ച ഫീൽഡ് പരിശോധന നടന്നുവരുകയാണെന്നും ആയത് അടിയന്തിരമായി പൂർത്തീകരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നത് പഞ്ചായത്തിന്റെ തനതു വരുമാന വർദ്ധനവിന് സഹായകരമാണ്.

## 1-16 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് വിഭാഗം ജീവനക്കാരിൽ നിന്നും 2018 പ്രളയ ദുരിതാശ്വാസ വിഹിതമായി 26.09.2018-ൽ ഈടാക്കിയ 5,111/- രൂപ നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല. 2022-23 വർഷത്തെ വാർഷിക കണക്കിലും (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4) ടി തുക ബാധ്യതയായി നിലനിർത്തിയിരിക്കുകയാണ്. ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈടാക്കിയ തുക നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (നം. 14/21.8.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി തുക അടിയന്തരമായി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ(ജനറൽ) - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പ്രോജക്റ്റിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ(ജനറൽ)

അടങ്കൽ – 6,01,988/-രൂപ (വികസന ഫണ്ട്)

ചെലവ് - 3,00,994/-രൂപ (ബി ആർ നം. 22060552018101187988 /10.02.2023)

- 300994 /- (ബി ആർ നം. 22060552018101207554 /17.02.2023)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 140 വയോജനങ്ങൾക്ക് കട്ടിൽ നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ തീ : 28.05.2022 സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികളുമാണ് ഈ ആനുകൂല്യം കൈപ്പറ്റാൻ അർഹരായവർ. എന്നാൽ ഫയൽ പരിശോധിച്ചതിൽ കട്ടിൽ ലഭിച്ച ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/19.08.2023) ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച നൽകിയ ലിസ്റ്റിലുൾപ്പെട്ട 60 വയസ് കഴിഞ്ഞ അവശത അനുഭവിക്കുന്ന വയോജനങ്ങൾക്കാണ് കട്ടിൽ നല്കിയതെന്നും തുടർ വർഷങ്ങളിൽ

പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചു. തുടർ വർഷങ്ങളിൽ സബ്സിഡി മാർഗരേഖപ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷകരിൽ നിന്നും ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 ബാരൽ വില ഈടാക്കാതിരുന്നത് വഴി നഷ്ടം 42,993/-രൂപ

2022-23 സാമ്പത്തിക വർഷം കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പൂർത്തീകരിച്ച മരാമത്ത് വേലകളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവൃത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടി.യും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നത് വഴി 42,993/-രൂപ അധികം ചെലവഴിച്ചു. വിശദാംശത്തിന് ഖണ്ഡിക 3- 1 കാണുക.

1-19 സൈറ്റിൽ ലഭ്യമായ മണ്ണ് കുറവു ചെയ്യുന്നതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറവു ചെയ്തില്ല- നഷ്ടം 4,640/-

കണം തറ കൊച്ചുചാൽ തോടിന് 29 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി (S0020/23) നിർമ്മിച്ച് ബാക്ക് ഫില്ലിംഗ് നടത്തിയതിന് 8.55 M3 അളവിന് ക്വോട്ടു ചെയ്ത നിരക്കായ 1000/m3 പ്രകാരം 8,550/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. അളവു പുസ്തകം പരിശോധിച്ചതിൽ ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ 40% കുറവു ചെയ്യുന്നതയി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൺസോളിഡേഷൻ ഇനത്തിലുള്ള 10% മാത്രമേ കുറവു ചെയ്തിട്ടുള്ളു. കുറവുചെയ്യാതിരുന്നതു വഴി 4,640/- രൂപയുടെ നഷ്ടം സംഭവിച്ചു.

വിശദാംശത്തിന് ഖണ്ഡിക 3-2 കാണുക

1-20 കരാറുകാർ -ഇൻഷ്വറൻസ് എടുക്കുന്നില്ല. ആയതിന് ഫൈനും ഈടാക്കുന്നില്ല നഷ്ടം - 25,242/-

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് എടുത്ത് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവർത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽ നിന്നും 0.2% നിരക്കിൽ ഫൈൻ ഈടാക്കാതിരുന്നത് വഴി 25,242/-രൂപ അധികം ചെലവഴിച്ചു. വിശദാംശത്തിന് ഖണ്ഡിക 3-3 കാണുക.

1- 21 റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു

പ്രവൃത്തികളുടെ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്ന പ്രവൃത്തികൾ MoRD ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്.

1. പുന്നക്കൽ തോട് കല്ലുകെട്ടി സംരക്ഷിക്കൽ (S0034/23)

2. കണംതറ കൊച്ചുചാൽ തോടിന് സംരക്ഷണഭിത്തി (S0020/23)

3. തർത്തനാട്ട് തോട് കല്ലുകെട്ടി സംരക്ഷിക്കൽ (S0035/23)

4. കുരിക്കാ വെളി തോട് കല്ലുകെട്ടി സംരക്ഷിക്കൽ (S0158/22)

5. വാലയിൽ തോട് കല്ലുകെട്ടി സംരക്ഷിക്കൽ (S0036/23)

MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഉയർന്ന നിരക്ക് ക്വോട്ടുചെയ്യാനും അതുവഴി അധികച്ചെലവിനിടയാക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | എസ്റ്റിമേറ്റിൽ അനുവദിച്ചത് MoRD | | അനുവദനീയമായത് CPWD | |
|---|---|---|---|---|
| | സ്പെസിഫിക്കേഷൻ കോഡ് | നിരക്ക് | സ്പെസിഫിക്കേഷൻ കോഡ് | നിരക്ക് |
| എർത്ത് വർക്ക് എക്സ്കവേഷൻ | 11-1-1-1 | 798.27 | 2.81 | 309.99/$m^3$ |
| DR മേസനറി | OD20415/22-23 | 5426.26 | 60.7.1 | 3644.43/$m^3$ |
| RR മേസനറി | OD 97893/2022-23 | 7526.17 | 7.1.1 | 7520.38 /$M^3$ |

മേൽപ്പറഞ്ഞ പ്രവൃത്തികൾ എല്ലാം തന്നെ എസ്റ്റിമേറ്റ് നിരക്കിനേക്കാളും കുറഞ്ഞ നിരക്കിലാണ് ചെയ്തിരിക്കുന്നത്. MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഉയർന്ന നിരക്ക് ക്വോട്ടുചെയ്യാനും അതുവഴി അധികച്ചെലവിനിടയാക്കുന്നു. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തി | പുന്നക്കൽ തോട് കല്ലുകെട്ടി സംരക്ഷിക്കൽ |
| പ്രോജക്ട് നമ്പർ | S0024/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഭാർഗ്ഗവൻ |
| ചെലവു വിവരം | ബിൽ നം - 209/27.01.23 രൂപ 2,38,696/- |

അധികം ചെലവഴിക്കാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ചെയ്ത ഇനം | അനുവദിച്ച അളവും തുകയും | CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുമ്പോൾ വരുന്ന തുക | അധികം |
|---|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | 20.060 $M^3$ @ 798 = | 20.060 $M^3$ @ 309.99= 6218 | 9790 |

| | | | |
|---|---|---|---|
| | 16008 | | |
| DR മേസനറി | 64.310 $M^3$ @ 5135 = 330232 | 64.310 $M^3$ @ 3644.43 = 234373 | 95859 |
| RR മേസനറി | 10.620 $M^3$@ 7500 = 79650 | 10.620 $M^3$@ 7520.38 = 79866 | (-) 216 |
| ആകെ | | | 105433 |

2. വാലയിൽ തോട് കല്ലുകെട്ടിസംരക്ഷിക്കൽ

| | |
|---|---|
| പ്രവൃത്തി | വാലയിൽ തോട് കല്ലുകെട്ടി സംരക്ഷിക്കൽ |
| പ്രോജക്ട് നമ്പർ | S0036/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | രാജേഷ് സി. |
| ചെലവ് വിവരം | ബിൽ നം - 315/14.03.23 രൂപ 2,74,505/- |

അധികം ചെലവഴിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ചെയ്ത ഇനം | അനുവദിച്ച അളവും തുകയും | CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുമ്പോൾ വരുന്ന തുക | അധികം |
|---|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | 12.480 $M^3$ @ 798 = 9959 | 12.480 $M^3$ @ 798 309.99= 3869 | 6090 |
| DR മേസനറി | 31.20 $M^3$ @ 5130= 160056 | 31.20$m^3$ @ 3644.43 =113706 | 46350 |
| RR മേസനറി | 8.320 $M^3$@ 7526 = 79650 | 8.320 $M^3$@ 7520.38 = 62570 | 17080 |
| ആകെ | | | 69520 |

തസ്വഭവ ലോക്കൽ ഇൻഫ്ര സ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനിയറിംഗ് വിംഗ് ചീഫ് എഞ്ചിനിയറുടെ 26.03.21-ലെ സർക്കുലർ (നം. ഡിബി1/10690/2020/സി.ഇ.എൽ.ഐ.ഡി & ഇ ഡബ്ല്യു)പ്രകാരം റോഡ് പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ട വരുന്ന ഡ്രെയിൻ, കൾവെർട്ട്, സൈഡ് പ്രൊട്ടക്ഷൻ മുതലായ അനുബന്ധ പ്രവൃത്തികൾക്കും MoRD സ്പെസിഫിക്കേഷനും കെട്ടിടങ്ങൾക്കും അനുബന്ധപ്രവൃത്തികൾക്കും CPWD സ്പെസിഫിക്കേഷനും ഉപയോഗിക്കുവാനമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ

റോഡുവർക്കുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശമനുസരിച്ചും റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/22.08.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-22 സമഗ്രനെൽകൃഷി വികസനം - വിതരണരേഖകളിൽ അപാകത

പ്രോജക്റ്റ് നം. 134/23

അടങ്കൽ - 81,000 /- (വികസനഫണ്ട്)

- 52,500 /- (ബ്ലോക്ക് പഞ്ചായത്ത് ഷെയർ)

ചെലവ് - 28,500 /- (ബി ആർ നം. 22060552017900874616/7.12.2022

കൃഷി ഓഫീസർ നടപ്പാക്കിയ സമഗ്രനെൽകൃഷി വികസനം പദ്ധതിക്കായി 28,500 /- രൂപയ്ക്ക് നെൽവിത്തുകൾ സ്റ്റേറ്റ് സീഡ് ഫാം ആലുവയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഒരു കിലേയ്ക്ക് 50 /- രൂപ പ്രകാരം 570 കിലോഗ്രാം വിത്തുകൾ ആണ് വാങ്ങിയത്. 570 കിലോഗ്രാം വിത്തുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 560 കിലോഗ്രാം നെൽ വിത്തുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/19.08.2023)നെൽകൃഷി ചെയ്യുന്ന ഒരു ഗുണഭോക്താവ് കൂടുതൽ വിസ്തൃതിയിൽ കൃഷി ചെയ്തിരുന്നതിനാൽ അദ്ദേഹത്തിന് പിന്നീട് നൽകിയ 10 കിലോ നെൽവിത്തിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതിനാലാണ് ഈ അപാകത സംഭവിച്ചതെന്നാണ് മറുപടി നൽകിയത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവനനിർമ്മാണ പദ്ധതി പൂർത്തികരിച്ചില്ല

പ്രോജക്റ്റ് നം. 72/23

പ്രോജക്റ്റിന്റെ പേര് - ലൈഫ് ഭവനനിർമ്മാണ പദ്ധതി (ഫിഷറീസ്)
നിർവ്വഹണോദ്യോഗസ്ഥ – വി.ഇ.ഒ.

ലൈഫ് ഭവന പദ്ധതി രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം താഴെ ചേർക്കുന്ന ഗുണഭോക്താവ് ഭവനനിർമ്മാണത്തിനായി 40,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | ബിൽ വിവരം |
|---|---|
| സാബു പൊള്ളയിൽ | 40,000 /- 29.06.2022 |

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ : 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.8/19.08.2023)ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവിനെ കൊണ്ട് പണി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. ആയതിനാൽ ടി വ്യക്തിയെക്കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതുവരെ ചെലവുതുക 40,000 /-രൂപ തടസ്സപ്പെടുത്തുന്നു.

1-24 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല, 350000 /- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - 188/23

അടങ്കൽ - 3,50,000(വികസന ഫണ്ട്)

ചെലവ് - 3,50,000 /-

ബിൽ നമ്പർ -5/22-23/25.02.2023

വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി 3,50,000 /- രൂപ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ഡയറക്ടറുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/19.08.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 3,50,000 /- രൂപ തടസ്സപ്പെടുത്തുന്നു.

1-25 സിഡിഎസ് അക്കൌണ്ടിൽ ഭവനനിർമ്മാണത്തിനായി അനുവദിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

സി.ഡി.എസ്.അക്കൗണ്ടിലേക്ക് ഭവനനിർമ്മാണത്തിനായി അനുവദിച്ച് നൽകിയ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു. സി.ഡി.എസ്. അക്കൗണ്ടിൽ 5.07.2023-ൽ 15,48,969 /- രൂപ നീക്കിയിരുപ്പുണ്ട്. ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി അനുവദിച്ച തുകയാണ് അക്കൌണ്ടിൽ അവശേഷിക്കുന്നത്. ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട മറിയാമ്മ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി അനുവദിച്ച 2,50,000/- രൂപ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ചെലവഴിച്ചിട്ടില്ല. രമണി ഊട്ട്പറമ്പിൽ എന്നയാൾക്ക് ഭവനിർമ്മാണത്തിനായി അനുവദിച്ച 3,00,000 /- രൂപ ഗുണഭോക്താവ് സ്ഥലസംബന്ധമായ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ ചെലവഴിച്ചില്ല എന്നുമാണ് മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. 2016, 2018 വർഷങ്ങളിൽ ഭവനപദ്ധതിക്കായുള്ള ചലഞ്ച് ഫണ്ട്, പ്ലാൻ ഫണ്ട് എന്നീ ഇനങ്ങളിൽ അക്കൌണ്ടിൽ ലഭ്യമായ തുകയുടെ പലിശ ഇനത്തിൽ വന്ന തുകയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചു. ഭവനപദ്ധതിക്കായി അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കുന്നില്ല എങ്കിൽ അർഹരായ മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം അനുവദിക്കാവുന്നതാണ്. അല്ലാത്തപക്ഷം അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-26 ഒറ്റമശ്ശേരി സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ് പദവിയിലേക്ക് ഉയർത്തുക-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം – 190/23

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ – 4,38,000 (വികസനഫണ്ട്)

ബിൽ നം. 24/22-23/18.03.2023

ഒറ്റമശ്ശേരി സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ് പദവിയിലേക്ക് ഉയർത്തുന്നതിന് 4,38,000 /- രൂപ ജില്ലാ പ്രോഗ്രാം മാനേജർ നാഷണൽ ഹെൽത്ത് മിഷന്റെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 4,38,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക പൂർണ്ണമായും ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി 4,38,000 രൂപയുടെ തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 MGNREGS - വാർഡ് 10ൽ കോഴിക്കൂട് നിർമ്മാണം - യഥാർത്ഥത്തിൽ ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലെ തൊഴിലുറപ്പ് തൊഴിലാളിയായ ശ്രീമതി മഞ്ജുള ഷാജി ബ്രോയിലർ കോഴി വളർത്തുന്നതിനായി കോഴിക്കൂട് നിർമ്മിച്ചതിന് ചെലവായ 2,89,308/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 57,346/- രൂപ വേതനമായും 2,30,962/- രൂപ മെറ്റീരിയൽ വിലയായും 1,000/- ബോർഡിനുമാണ് ചെലവഴിച്ചിട്ടുള്ളത്.

കോഴിക്കൂടിനായി 18m നീളത്തിലും 4m വീതിയിലും വാനം വെട്ടി ഫൗണ്ടേഷൻ നിർമ്മിച്ച് അതിന് മുകളിൽ ജി.ഐ. പൈപ്പുകൾ സ്ഥാപിച്ച് വയർ മെഷ് ഉപയോഗിച്ച് നാല് വശങ്ങളും മറച്ച് മേൽക്കൂര ഷീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ മേൽക്കൂരയ്ക്ക് ആവശ്യമായ 0.35mm Thick Powder Coated GJ Trafford ഷീറ്റിന്റെ അളവ് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 18m നീളത്തിലും 4m വീതിയിമുള്ള കോഴിക്കൂടിന്റെ മേൽക്കൂരയ്ക്ക് 160m$^2$ (2x20mx4m) ഷീറ്റ് ആവശ്യമുണ്ടെന്ന് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തുകയും ഇത്രയും അളവ് ചെയ്തതായിട്ട് അളവ് പുസ്തകത്തിൽ (നം. 450/21-22, 184/22-23) രേഖപ്പെടുത്തി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 22.8.2023-ൽ അക്രഡിറ്റഡ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടി കോഴിക്കൂടിന്റെ മേൽക്കൂരയ്ക്ക് 91.2m$^2$ (19m നീളം X4.8m വീതി) ഷീറ്റ് മാത്രമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമായി. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും തെറ്റായി അളവ് രേഖപ്പെടുത്തിയതുമൂലം താഴെപറയും പ്രകാരം 38,690/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

അളവ് പുസ്തക പ്രകാരം അനുവദിച്ച തുക = 160x562.348/m2 = 89,976/-

അനുവദിക്കാവുന്ന തുക = 91.2x562.348/m2 = 51,286/-

അധികം നൽകിയ തുക = 89976- 51286 = 38,690/-

മേൽക്കര നിർമ്മാണവുമായി ബന്ധപ്പെട്ട് എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തിയതുമൂലം അധികം നൽകിയ 38,690/- ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും ഈടാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/22.8.23) മറുപടി നൽകിയത്.

അധികം നൽകിയ തുക ബന്ധപ്പെട്ട ഗുണഭോക്താവ് തിരികെ ഒടുക്കുവാൻ തയ്യാറാകാത്തപക്ഷം ടി തുക തെറ്റായി അളവ് രേഖപ്പെടുത്തിയ അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് വിവരം

എഫ് റ്റി.ഒ നം – 23164044/31.3.2023 – 2,30,962/-

## 1-28 MGNREGS - വാർഡ് 3ൽ തോടിന്റേയും ചാലിന്റേയും തീരത്ത് കണ്ടൽ വെച്ച് പിടിപ്പിക്കൽ - എം ബുക്കിൽ പ്രവർത്തിയുടെ മൂല്യം തെറ്റായി രേഖപ്പെടുത്തി

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നഴ്സറികളിൽ ഉല്പാദിപ്പിച്ച കണ്ടൽച്ചെടി തൈകൾ ഉപയോഗിച്ച് തോടുകളുടേയും ചാലുകളുടേയും തീരസംരക്ഷണ പ്രവർത്തി നടപ്പാക്കുന്നതിന്റെ ഭാഗമായി "വാർഡ് 3ൽ തോടിന്റേയും ചാലിന്റേയും തീരത്ത് കണ്ടൽ വെച്ച് പിടിപ്പിക്കൽ" എന്ന പദ്ധതി (വർക്ക് കോഡ് – IF/671900) നടപ്പാക്കിയിട്ടുണ്ട്. 3000 എണ്ണം കണ്ടൽച്ചെടികൾ വെച്ചുപിടിപ്പിക്കുന്നതിന് അടങ്കൽ തുകയായ 4,89,867/- രൂപയിൽ 4,86,867 രൂപ തൊഴിലാളികളുടെ വേതനത്തിനും (1565 മനുഷ്യദിനങ്ങൾക്ക്) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ്, അളവ് പുസ്തകം, മസ്റ്റർ റോൾ എന്നിവ പരിശോധിച്ചതിൽ, രണ്ടാം ഇനമായ Earth Work Excavation, മൂന്നാം ഇനമായ Planting And Mulching എന്നിവ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ എസ്റ്റിമേറ്റിലെ നാലാം ഇനമായ Maintenance Of Tree Samplings Including Watering, Removing Weeds, Applying Manure Etc പ്രകാരം 3000 തൈകൾ നനച്ച് പരിപാലിക്കുന്നതിന് ആകെ 3,61,800/- രൂപയാണ് വേതനമിനത്തിൽ ചെലവ് കണക്കാക്കിയിട്ടുള്ളത് (തൊഴിൽ ദിനങ്ങൾ - 1163.334). ഇതനുസരിച്ച് ഒരു തൈ നനച്ച് പരിപാലിക്കുന്നതിന് 120.6/- രൂപയാണ് അനുവദിക്കാവുന്നത്.

എം ബുക്കിലെ (നം 255/22-23, 399/22-23) രേഖപ്പെടുത്തൽ പ്രകാരം 1332 തൈകൾ മാത്രമാണ് നട്ട് പരിപാലിച്ചിട്ടുള്ളത്. 1332 തൈകൾ നനച്ച് പരിപാലിക്കുന്നതിന് എസ്റ്റിമേറ്റ് അനുസരിച്ച് 1,60,639/- രൂപയാണ് വേതനമായി ചെലവഴിക്കാവുന്നത്. എന്നാൽ അളവ് പുസ്തക പ്രകാരം ടി ഇനം ചെയ്യതിന് 4,22,172/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ഇനമായ Earth Work Excavation, മൂന്നാം ഇനമായ Planting And Mulching എന്നിവ സൈറ്റിൽ ചെയ്തിട്ടുള്ളതാണെന്നും അളവ് പുസ്തകത്തിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും കൂടാതെ എസ്റ്റിമേറ്റിലെ നാലാം ഇനമായ Maintenance Of Tree Samplings Including Watering, Removing Weeds, Applying Manure Etc എന്ന ഇനം പ്രകാരം 3000 തൈകളുടെ പരിപാലനം നടത്തിയിട്ടുണ്ടെങ്കിലും എം ബുക്കിൽ രേഖപ്പെടുത്തിയപ്പോൾ തൈകളുടെ എണ്ണത്തിന് പകരം തൊഴിൽ ദിനങ്ങളുടെ എണ്ണം രേഖപ്പെടുത്തിയതാണ് പരിപാലന ചെലവ് അധികരിച്ചെന്ന നിഗമനത്തിന് കാരണമായതെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/21.8.23) അക്രഡിറ്റഡ് എഞ്ചിനീയർ മറുപടി നൽകിയത്.

എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ഓരോ ഇനം പ്രവർത്തിയും എത്ര അളവിലും നിരക്കിലുമാണ് സൈറ്റിൽ ചെയ്തിട്ടുള്ളതെന്ന് അളവ് പുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തി ബിൽ തയ്യാറാക്കുവാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-29 MGNREGS - വാർഡ് 1ൽ കോഴിക്കൂട് നിർമ്മാണം (IF/671900)- ചെയ്ത പ്രവർത്തിയുടെ വിവരം എം ബുക്കിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച്-

വാർഡ് 1 ലെ തൊഴിലുറപ്പ് തൊഴിലാളിയായ ലിജിയാ മരയ്ക്കാട്ടുശ്ശേരിയുടെ അപേക്ഷ പ്രകാരം കോഴിക്കൂട് നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള അടങ്കൽ തുക 1,55,765/- രൂപയാണ്. 7.8m നീളത്തിലും 2.8m വീതിയിലും വാനം വെട്ടി ഫൗണ്ടേഷൻ നിർമ്മിച്ച് അതിന് മുകളിൽ കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് വയർ മെഷ് ഉപയോഗിച്ച് നാല് വശങ്ങളും മറച്ച് മേൽക്കൂര ഷീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

എസ്റ്റിമേറ്റ് പ്രകാരമുള്ള മേൽക്കൂര നിർമ്മാണം എപ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് അളവ് പുസ്തകത്തിൽ (നം. 461/21-22) വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. 7.8m നീളത്തിലും 2.8m വീതിയിലും വാനം വെട്ടി ഫൗണ്ടേഷൻ നിർമ്മിച്ച് അതിന് മുകളിൽ കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് വയർ മെഷ് വിരിക്കുന്നതുവരെയുള്ള പ്രവർത്തിയുടെ ഇനം തിരിച്ചുള്ള വിവരം മാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽക്കൂര നിർമ്മിച്ചതിന്റെ ഇനവിവരം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള അളവിലും നിരക്കിലും പ്രവർത്തി ചെയ്തതായി അളവ് പുസ്തകത്തിൽ ഫൈനൽ ബിൽ തയ്യാറാക്കി തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ബില്ലിൽ അവിദഗ്ധ തൊഴിലാളികൾക്ക് 8,730/- രൂപയും അർദ്ധ വിദഗ്ധ, വിദഗ്ധ തൊഴിലാളികൾക്ക് 16,000/- രൂപയും വേതനമിനത്തിൽ നൽകിയതായും സാധന സാമഗ്രികൾക്ക് 1,23,479/- രൂപ ചെലവഴിച്ചതായും മാത്രമാണ് കാണിച്ചിട്ടുള്ളത്.

എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ഓരോ പ്രവൃത്തികളും ക്രമാനുഗതമായി സൈറ്റിൽ എപ്രകാരം നടത്തിയെന്നതു സംബന്ധിച്ച ഇനം തിരിച്ചുള്ള രേഖപ്പെടുത്തൽ വരുത്താതെ എപ്രകാരമാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക അനുവദിച്ചത് എന്ന് വ്യക്തമല്ല.

മേൽക്കൂര നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണ് എന്നാണ് ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം. 21/22.8.23) മറുപടിയിൽ പറഞ്ഞിട്ടുള്ളത്. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ഓരോ ഇനം പ്രവൃത്തിയും സൈറ്റിൽ ഏത് അളവിലും നിരക്കിലുമാണ് ചെയ്തിട്ടുള്ളതെന്ന് അളവ് പുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തി ബിൽ തയ്യാറാക്കുവാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബാരൽ വില ഈടാക്കിയില്ല നഷ്ടം - 42,993/-

2022-23 സാമ്പത്തിക വർഷം കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് വേലകളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/-രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ടാറിംഗ് ചെയ്ത അളവ് | ഈടാക്കേണ്ട കാലിബാരൽ വില | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|---|---|
| 1 | കല്യാണപ്പറമ്പ് റോഡ് മെയിന്റനൻസ് | കെ.എസ്. മനോജ്കുമാർ | 390 M2 | 8 @281 = 2248 | 18/09.02.23 രൂപ 4,50,000/- |
| 2 | കുന്നേൽ കണ്ണമംഗലം റോഡ് റീടാറിംഗ് | ടി | 522m2 | 10 @281 = 2810 | 316/14.03.23 രൂപ 5,98,824/- |
| 3 | കുരിക്കേ വെളി പവർഹൗസ് റോഡ് മെയിന്റനൻസ് | ടി | 261 M2 | 5 @281 = 1405 | 226/06.02.23 രൂപ 2,77,960/- 227/06.02.23 രൂപ 20,316/- |
| 4 | ഒതേകാട് പുളിച്ചുവട് റോഡ് പൂർത്തീകരണം | ടി | 684 M2 | 14 @281 = 3934 | 317/14.03.23 രൂപ 7,66,364/- |
| 5 | പ്രിയദർശിനി പുറച്ചിറ റോഡ് | പി.എസ്. സുനിൽകുമാർ | 522m2 | 10 @281 = 2810 | 235/09.02.23 രൂപ |

| | | | | | |
|---|---|---|---|---|---|
| | മെറ്റലിംഗ് ടാറിംഗ് | | | | 6,00,000/- |
| 6 | കൊട്ടാരം ആയിക്കാട് റോഡ് മെയിന്റനൻസ് | ടി | 531m2 | 11 @281 = 3091 | 236/09.02.23 രൂപ 4,98,133/- |
| 7 | ചെറിയാ പറമ്പ് റോഡ് മെയിന്റനൻസ് | അതുൽ സഞ്ജയ് | 264m2 | 7 @281 = 1967 | 272/24.02.23 രൂപ 3,91,541/- |
| 8 | കല്പക കൊല്ലത്തുശ്ശേരി പ്രിയദർശിനി പുറച്ചിറ റോഡ് മെറ്റലിംഗ് ടാറിംഗ് | അജീഷ് എസ്. | 639 M2 | 12 @281 = 3372 | 346/22.03.23 രൂപ 5,98,679/- |
| 9 | പൂപ്പള്ളി ഏരിയപറമ്പ് റോഡ് മെയിന്റനൻസ് | ടി | 345 M2 | 8 @281 = 2248 | 345/2.03.23 രൂപ 4,98,462/- |
| 10 | നീലവേലിച്ചിറ റോഡ് മെയിന്റനൻസ് | ടി | 681m2 | 13 @281 = 3653 | 367/28.03.23 രൂപ 6,47,636/- |
| 11 | 2,4 വാർഡുകളിലെ സ്നേഹതീരം റോഡ് മെയിന്റനൻസ് | കെ.ഡി. വരദകുമാർ | 1035 M2 | 20 @281 = 5620 | 264/23.02.23 രൂപ 8,00,000/- 307/13.03.23 രൂപ 6,51,293/- |
| 12 | തൈക്കൽ മാർക്കറ്റ് പട്ടാണശ്ശേരി റോഡ് മെയിന്റനൻസ് | ടി | 174 M2 | 3 @281 = 843 | 253/20.02.23 രൂപ 2,49,774/- |
| 13 | തർത്തനാട്ട് റോഡ് മെയിന്റനൻസ് | അക്ഷയ് അശോക് | 628.30 M2 | 13 @281 = 3653 | 286/28.02.23 രൂപ 7,25,612/- |
| 14 | കാര്യാനപ്പള്ളി കരിമാന്തറ റോഡ് മെയിന്റനൻസ് | ടി | 513 M2 | 10 @281 = 2810 | 290/01.03.23 രൂപ 7,32,543/- |
| 15 | ബണ്ട്പാലം | രാജേഷ് | 429 | 9 @281 = | 273/25.02.23 |

| | | | | | |
|---|---|---|---|---|---|
| | റോഡ് മെയിന്റനൻസ് | എസ്. | M2 | 2529 | രൂപ 3,98,062/- |
| | ആകെ | | | 42993 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടിട്ടുള്ളതിനാൽ ബാരൽ വില ഈടാക്കി ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് ഒടുക്കുവാൻ നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/19.08.2023) മറുപടി ലഭ്യമാക്കിയില്ല.

3-2 സൈറ്റിൽ ലഭ്യമായ മണ്ണ് കുറവ് ചെയ്യുന്നതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറവ് ചെയ്തില്ല നഷ്ടം -4,640/-

| | |
|---|---|
| പ്രവൃത്തി | കണം തറ കൊച്ചുചാൽ തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് - 2 |
| പ്രോജക്റ്റ് നമ്പർ | S0020/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അജീഷ് എസ്. |
| ചെലവു വിവരം | ബിൽ നം - 209/27.01.23<br>രൂപ 2,38,696/- |

കണം തറ കൊച്ചുചാൽ തോടിന് 29 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ച് ബാക്ക് ഫില്ലിംഗ് നടത്തിയതിന് 8.55 M3 അളവിന് ക്വോട്ടു ചെയ്ത നിരക്കായ 1000/m3 പ്രകാരം 8,550/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. അളവു പുസ്തകം പരിശോധിച്ചതിൽ ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും കുഴിച്ചെടുത്ത മണ്ണിന്റെ 40% കുറവു ചെയ്യുന്നതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൺസോളിഡേഷൻ ഇനത്തിലുള്ള 10% മാത്രമേ കുറവു ചെയ്തിട്ടുള്ളൂ. ടി പ്രവൃത്തിയിൽ ഒന്നാമിനമായി 11.60 M3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അതിനാൽ കുറവു ചെയ്യേണ്ട അളവും തുകയും ചുവടെ ചേർക്കുന്നു.

കുറവു ചെയ്യേണ്ട അളവ് - 11.60 M3 X 40% = 4.640 M3

കുറവു ചെയ്യേണ്ടിയിരുന്ന തുക – 4.640 M3 @ 1000 = 4640/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ട് പോയതിനാൽ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കുവാൻ നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/19.08.2023) മറുപടി ലഭ്യമാക്കിയില്ല.

3-3 കരാറുകാർ -ഇൻഷ്വറൻസ് എടുക്കുന്നില്ല. ആയതിന് ഫൈൻ ഈടാക്കിയില്ല. നഷ്ടം - 25,242/-

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്റ്റ് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിൽ വ്യവസ്ഥ

ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2%ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവൃത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽ നിന്നും 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ടുന്ന ഫൈൻ | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | കല്യാണപ്പറമ്പ് റോഡ് മെയിന്റനൻസ് | കെ.എസ്. മനോജ്കുമാർ | 380495 | 761 | 18/09.02.23 രൂപ 4,50,000/- |
| 2 | കുന്നേൽ കണ്ണമംഗലം റോഡ് റീടാറിംഗ് | ടി | 507385 | 1015 | 316/14.03.23 രൂപ 5,98,824/- |
| 3 | കുരിക്കേ വെളി പവർഹൗസ് റോഡ് മെയിന്റനൻസ് | ടി | 252832 | 506 | 226/06.02.23 രൂപ 2,77,960/- 227/06.02.23 രൂപ 20,316/- |
| 4 | ഒതേകാട് പുളിച്ചുവട് റോഡ് പൂർത്തീകരണം | ടി | 654736 | 1309 | 317/14.03.23 രൂപ 7,66,364/- |
| 5 | പ്രിയദർശിനി പുറച്ചിറ റോഡ് മെറ്റലിംഗ് ടാറിംഗ് | പി.എസ്. സുനിൽകുമാർ | 507972 | 1016 | 235/09.02.23 രൂപ 6,00,000/- |
| 6 | കൊട്ടാരം ആയിക്കാട് റോഡ് മെയിന്റനൻസ് | ടി | 422841 | 846 | 236/09.02.23 രൂപ 4,98,133/- |
| 7 | ചെറിയാ പറമ്പ് റോഡ് മെയിന്റനൻസ് | അതുൽ സഞ്ജയ് | 335976 | 672 | 272/24.02.23 രൂപ 3,91,541/- |
| 8 | കല്പക കൊല്ലത്തുശ്ശേരി പ്രിയദർശിനി പുറച്ചിറ റോഡ് മെറ്റലിംഗ് ടാറിംഗ് | അജീഷ് എസ്. | 508058 | 1016 | 346/22.03.23 രൂപ 5,98,679/- |
| 9 | പൂപ്പള്ളി ഏറിയപറമ്പ് റോഡ് മെയിന്റനൻസ് | ടി | 422975 | 846 | 345/2.03.23 രൂപ 4,98,462/- |

| | | | | | | |
|---|---|---|---|---|---|---|
| 10 | നീലവേലിച്ചിറ റോഡ് മെയിന്റനൻസ് | ടി | 549192 | 1098 | | 367/28.03.23 രൂപ 6,47,636/- |
| 11 | 2,4 വാർഡുകളിലെ സ്നേഹതീരം റോഡ് മെയിന്റനൻസ് | കെ.ഡി. വരദകുമാർ | 1233845 | 2468 | | 264/23.02.23 രൂപ 8,00,000/- 307/13.03.23 രൂപ 6,51,293/- |
| 12 | തൈക്കൽ മാർക്കറ്റ് പട്ടാണശ്ശേരി റോഡ് മെയിന്റനൻസ് | ടി | 210808 | 422 | | 253/20.02.23 രൂപ 2,49,774/- |
| 13 | തർത്തനാട്ട് റോഡ് മെയിന്റനൻസ് | അക്ഷയ് അശോക് | 630402 | 1261 | | 286/28.02.23 രൂപ 7,25,612/- |
| 14 | കാര്യാനപ്പള്ളി കരിമാന്തറ റോഡ് മെയിന്റനൻസ് | ടി | 622755 | 1246 | | 290/01.03.23 രൂപ 7,32,543/- |
| 15 | ബണ്ട്പാലം റോഡ് മെയിന്റനൻസ് | രാജേഷ് സി. | 337429 | 675 | | 273/25.02.23 രൂപ 3,98,062/- |
| 16 | അങ്കണവാടി 80,81 82,83,84,89,92, 93, 97 കെട്ടിടം മെയിന്റനൻസ് | കെ. ഭാർഗ്ഗവൻ | 846494 | 1693 | | 349/22.03.23 രൂപ 8,36,103/- |
| 17 | കടക്കരപ്പള്ളി യു. പി.സ്കൂൾ കെട്ടിടം മെയിന്റനൻസ് | രാജേഷ്.സി | 507439 | 1015 | | 201/ 24.01.23 രൂപ 5,93,584/- |
| 18 | മുതുകേൽ പൊഴിച്ചാൽ നടപ്പാത നിർമ്മാണം | അമർജിത് | 323835 | 648 | | 189/12.01.23 രൂപ 3,82,710/- |
| 19 | മാർത്താണ്ഡശ്ശേരി തോട്ടു കല്ലുകെട്ടി സംരക്ഷിക്കൽ | കെ. ഭാർഗ്ഗവൻ | 401794 | 804 | | 352/23.03.23 രൂപ 4,71,954/- |
| 20 | കുരീക്കാട് ബീച്ച് തോട് റോഡ് നിർമ്മാണം | കെ. ഭാർഗ്ഗവൻ | 253499 | 507 | | 210/27.01.23 രൂപ 1,27,765/- |
| 21 | കളത്തിപ്പറമ്പിൽ കുരിശ്ശുങ്കൽ റോഡ് | രാജേഷ് സി. | 338951 | 678 | | 243/14.02.23 രൂപ |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം | | | | 3,77,583/- |
| 22 | ആയിക്കാട്ടുതറയിൽ ഭാഗം തോട് കല്ലുകെട്ടി സംരക്ഷിക്കൽ | അജീഷ് എസ്. | 297506 | 595 | 263/23.02.23 രൂപ 3,42,633/- |
| 23 | മണിയപൊഴി റോഡു നിർമ്മാണം | അതുൽ സഞ്ജയ് | 630673 | 1261 | 365/28.03.23 രൂപ 1,50,000/- 344/22.03.23 രൂപ 5,92,279/- |
| 24 | കുരിശ്ശിങ്കൽ പൊഴിച്ചാൽ റോഡ് കോൺക്രീറ്റിംഗ് | അജീഷ് എസ്. | 508052 | 1016 | 318/14.03.23 രൂപ 4,43,633/- |
| 25 | കല്പക കൊല്ലത്തുശ്ശേരി റോഡ് മെറ്റലിംഗും ടാറിംഗും | അജീഷ് എസ്. | 508058 | 1016 | 346/22.03.23 രൂപ 5,98,679/- |
| 26 | പുന്നക്കൽ തോട് കല്ലുകെട്ടി സംരക്ഷിക്കൽ | കെ.ഭാർഗ്ഗവൻ | 425890 | 852 | 179/04.01.23 രൂപ 5,02,550/- |
| | | ആകെ | | 25242 | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മരിച്ച് പോയിട്ടുള്ളതിനാൽ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ കരാറുകാർക്കാവശ്യമായ ഉപദേശം നല്കി മതിയായ തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/22.08.2023) മറുപടി ലഭ്യമാക്കിയില്ല.

## 3-4 MGNREGS - വാർഡ് 10ൽ കോഴിക്കൂട് നിർമ്മാണം - യഥാർത്ഥത്തിൽ ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലെ തൊഴിലുറപ്പ് തൊഴിലാളിയായ ശ്രീമതി മഞ്ജുള ഷാജി ബ്രോയിലർ കോഴി വളർത്തുന്നതിനായി കോഴിക്കൂട് നിർമ്മിച്ചതിന് ചെലവായ 2,89,308/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 57,346/- രൂപ വേതനമായും 2,30,962/- രൂപ മെറ്റീരിയൽ വിലയായും 1000/- ബോർഡിനുമാണ് ചെലവഴിച്ചിട്ടുള്ളത്.

കോഴിക്കൂടിനായി 18m നീളത്തിലും 4m വീതിയിലും വാനം വെട്ടി ഫൗണ്ടേഷൻ നിർമ്മിച്ച് അതിന് മുകളിൽ ജി.ഐ. പൈപ്പുകൾ സ്ഥാപിച്ച് വയർ മെഷ് ഉപയോഗിച്ച് നാല് വശങ്ങളും മറച്ച് മേൽക്കൂര ഷീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ മേൽക്കൂരയ്ക്ക് ആവശ്യമായ 0.35mm Thick Powder Coated GJ Trafford ഷീറ്റിന്റെ അളവ് തെറ്റായിട്ടാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. 18m നീളത്തിലും 4m വീതിയിമുള്ള കോഴിക്കൂടിന്റെ മേൽക്കൂരയ്ക്ക് 160$m^2$ (2x20mx4m) ഷീറ്റ് ആവശ്യമുണ്ടെന്ന് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തുകയും ഇത്രയും അളവ് ചെയ്തതായിട്ട് അളവ് പുസ്തകത്തിൽ (നം. 450/21-22, 184/22-23) രേഖപ്പെടുത്തി തുക അനുവദിച്ചിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 22.8.2023-ൽ അക്രഡിറ്റഡ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടി കോഴിക്കൂടിന്റെ മേൽക്കൂരയ്ക്ക് 91.2$m^2$ (19m നീളം X4.8m വീതി) ഷീറ്റ് മാത്രമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമായി. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും തെറ്റായി അളവ് രേഖപ്പെടുത്തിയതുമൂലം താഴെപറയും പ്രകാരം 38,690/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

അളവ് പുസ്തക പ്രകാരം അനുവദിച്ച തുക = 160x562.348/$m^2$ = 89,976/-

അനുവദിക്കാവുന്ന തുക = 91.2x562.348/$m^2$ = 51,286/-

അധികം നൽകിയ തുക = 89976- 51286 = 38,690/-

മേൽക്കൂര നിർമ്മാണവുമായി ബന്ധപ്പെട്ട് എം ബുക്കിൽ തെറ്റായ അളവ് രേഖപ്പെടുത്തിയതുമൂലം അധികം നൽകിയ 38,690/- ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും ഈടാക്കുന്നതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/22.8.23) മറുപടി നൽകിയത്.

അധികം നൽകിയ തുക ബന്ധപ്പെട്ട ഗുണഭോക്താവ് തിരികെ ഒടുക്കുവാൻ തയ്യാറാകാത്തപക്ഷം ടി തുക അധികച്ചെലവിന് ഉത്തരവാദികളായ സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ചെലവ് വിവരം.

എഫ് റ്റി.ഒ നം – 23164044/31.3.2023 – 2,30,962/-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 52,500 | നെൽകൃഷിവികസനം | 52,500 | -- |
| | 2022-23 | 2,68,645 | പാലിയേറ്റീവ് കെയർ | 2,68,645 | |
| | 2022-23 | 1,93,800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,93,800 | |
| | 2022-23 | 4,37,882 | അങ്കണവാടി പോഷകാഹാരം | 4,37,882 | |
| | 2022-23 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | |
| | ആകെ | 35,75,455 | | 35,75,455 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 19,70,000 | ലൈഫ് | 19,70,000 | |
| | | 1,10,500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,10,500 | |
| | | 5,00,000 | അഗതി ആശ്രയഗുണഭോക്താക്കൾക്ക് ഭക്ഷണം | 5,00,000 | |
| | | 1,98,000 | പാലിന് സബ്സിഡി | 1,98,000 | |

| | | | | | |
|---|---|---|---|---|---|
| | | 2,00,000 | അങ്കണവാടി പോഷകാഹാരം | 2,00,000 | |
| | ആകെ | 29,78,500 | | 29,78,500 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 61,10,572/-രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | | 61,10,572 | 3,01,24,000 | 39,46,973 | | 3,22,87,599 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2022-23 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | |
| തൻവർഷം നിക്ഷേപിച്ച തുക | 2,47,00,000 |
| ആകെ | 2,47,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,47,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | തീയതി |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 1,00,00,000 | 18.06.2022 |
| ജില്ലാ സഹകരണ ബാങ്ക് | 1,00,00,000 | 18.06.2022 |
| ജില്ലാ സഹകരണ ബാങ്ക് | 47,00,000 | 18.06.2022 |
| ആകെ | 2,47,00,000 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 1-21 | 2,840 | ജലജകുമാരി | 1220100967/28.09.2022 |
| 2021-22 | 1-23 | 14,175 | ഭാർഗ്ഗവൻ കെ. | 1220101173/19.10.2022 |
| 2021-22 | 1-14 | 300 | രാധാകൃഷ്ണൻ | 1220101358/24.11.2022 |
| 2021-22 | 1-14 | 100 | ബെന്നി ചാക്കോ | 1220101364/24.11.2022 |
| 2021-22 | 1-14 | 200 | ഭാർഗ്ഗവി | 1220101367/28.11.2022 |
| 2021-22 | 1-14 | 100 | റോബിൻ സി.എസ്. | 1220101368/18.11.2022 |
| 2021-22 | 1-14 | 100 | പ്രസീന | 1220101369/28.11.2022 |
| | ആകെ | 17,815 | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,32,55,205 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,57,07,622 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 72,875 /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,28,000 /- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 42,993/- | ശ്രീ.സുരേശൻ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 4,640/- | ശ്രീ.സുരേശൻ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 25,242 /- | ശ്രീ.സുരേശൻ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 72,875 /- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 40,000 | ശ്രീമതി സവിത സി.എം., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 1-24 | 3,50,000 | ഡോ.അനുരാജ് കെ.ആർ., വെറ്ററിനറി സർജ്ജൻ |
| 1-26 | 4,38,000 | ഡോ.അഖില ബി. ജയകുമാർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| ആകെ | 8,28,000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 38,690/- | സതീദേവി രാമൻനായർ, സെക്രട്ടറി ശ്രീമതി സജ്ന വി., അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സതീദേവി രാമൻനായർ, സെക്രട്ടറി | സെക്രട്ടറി കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | അരവിന്ദം, കടക്കരപ്പള്ളി പി.ഒ., ചേർത്തല |
| ശ്രീമതിസവിത സി.എം., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | സുരേഷ് നിവാസ് വളമംഗലം നോർത്ത് തുറവൂർ പി.ഒ. |
| ഡോ.അനുരാജ് കെ.ആർ., വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | കുഴിവിളയിൽ പടിഞ്ഞാറെപ്പുര കുന്നത്തൂർ പി.ഒ. കൊല്ലം 690540 |
| ഡോ.അഖില ബി. ജയകുമാർ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്. സി. വയലാർ | കേശവവിലാസം ഗീതം, സി എം സി29 ചേർത്തല |
| ശ്രീ.സുരേശൻ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തുറവൂർ ഗ്രാമപഞ്ചായത്ത്(മരണപ്പെട്ടു) | സൂര്യശ്രീ എസ് എൻ പുരം പി.ഒ., ചേർത്തല |
| ശ്രീമതി സജ്ന വി., അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. | മണവേലി, പട്ടണക്കാട് പി.ഒ., ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ആകെ ഖണ്ഡിക | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | LFA-GA5/1832/11/ 16.1.12 |
| 1997-98 | 1 | LFA-GA5/1832/11/ 16.1.12 |
| 2001-02 | 2 | LFA-GA5/1832/11/ 16.1.12 |
| 2006-07 &07-08 | 17 | LFA8 /40,41/2010/16.7.2010 |
| 2008-09 | 4 | LFA-P2/1207/11/ 10.1.12, 11.4.12 |
| 2009-10 | 5 | LFA-P2/1208/11/ 10.1.12, 11.4.12 |
| 2010-11 | 8 | LFA-P2/550/11/ 17.12.12, 31.1.12 |
| 2011-12 | 14 | LFA-P2/1400/12/ 14.12.12, 8.1.13 |
| 2012-13 | 3 | LFA-P11/1841/14/ 20.1.15, 3.3.15 |
| 2013-14 | 8 | LFA-P11/680/15/ 15.7.15 |
| 2014-15 | 9 | KSA-ALP/P11-837/16/ 30.7.16 |
| 2015-16 | 13 | KSA-ALP/P11-1175/16/ 1.11.16 |
| 2016-17 | 13 | KSA-ALP/P11-1034/17/ 5.8.17 |
| 2017-18 | 7 | KSA-ALP/P11-1295/18/5.9.18 |
| 2018-19 | 21 | KSA-ALP/P11-122/ 29.5.20 |
| 2019-20 | 44 | KSA-ALP/P11-385/21/ 12.4.21 |
| 2020-21 | 18 | KSA-ALP/P11-832/2021/ 28.09.2021 |
| 2021-22 | | KSA-ALP/P11-1008/22/29.9.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 14-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kadakkarapally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kadakkarapally Grama Panchayat for the year 2022-2023

Date: 07/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Kadakkarapally Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2) Cash flow statement Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.
3) The Demand, Collection and Balance of Property Tax as per Annual Account does not match with Sanjaya Software D.C.B Statement.

4)The demand entries property tax, profession tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.

5) As per the Register, market license fee for the current year is only 33111. But according to the annual accounts it is Rs.36422/-.

6) Instead of poviding 10% depreciation, 20% has been given as depreciation for vehicle in the annual financial statement.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്